കാർഷിക വികസന പദ്ധതികൾ

19 (*709) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ഭൂവിഭവങ്ങളെ സംബന്ധിച്ച് ഭൂവിനിയോഗ ബോർഡ് ശേഖരിച്ചിട്ടുള്ള വിവരങ്ങൾ, കൃഷി വകുപ്പ് അതിന്റെ ഏതൊക്കെ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൃഷി ഭവനുകളുടെ പരിധിയിൽ നടപ്പാക്കാവുന്ന കാർഷിക വികസന പദ്ധതികളെക്കുറിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കൃഷിഭവനുകളെ അടിസ്ഥാനമാക്കി യഥാർത്ഥ കർഷകരുടെ വിവരശേഖരണം നടത്തി ഭൂവിഭവങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് പൗൾട്രി, മൃഗസംരക്ഷണം, കാർഷിക വികസനം തുടങ്ങിയ പരിപാടികൾ ഏകോപിപ്പിച്ചു കൊണ്ടുള്ള ഒരു സമഗ്ര വികസന പദ്ധതി തയ്യാറാക്കി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാനത്തെ ഭൂവി വങ്ങളെ സംബന്ധിച്ച ഭൂവിനിയോഗ ബോർഡ് ശേഖരിച്ചിട്ടുള്ള വിവരങ്ങൾ കൃഷി ഭവൻ (ഗ്രാമപഞ്ചായത്ത്) തലത്തിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം "ഡാറ്റാ ബാങ്ക്" തയ്യാറാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ "നീർത്തട മാസ്റ്റർ പ്ലാനുകൾ" തയ്യാറാക്കുന്നതിനും ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(ബി) "ഡാറ്റാ ബാങ്ക്" തയ്യാറാക്കിയത് വഴി ഓരോ കൃഷിഭവൻ പരിധിയിലുള്ള നെൽകൃഷിയുടെ വിസ്തീർണ്ണം, തരിശ് നിലങ്ങളുടെ വിവരങ്ങൾ എന്നിവ തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇത് നിലം മറ്റാവശ്യങ്ങൾക്ക് നികത്തുന്നത് തടയുന്നതിനും അനുയോജ്യമായ തരിശുനിലങ്ങളിൽ വീണ്ടും നെൽകൃഷി ആരംഭിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. "നീർത്തട മാസ്റ്റർ പ്ലാനുകൾ" തയ്യാറാക്കിയതനുസരിച്ച് ഓരോ കൃഷി ഭവൻ തലത്തിലും നീർത്തട അടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(സി) യഥാർത്ഥ കർഷകരുടെ വിവരങ്ങൾ ശേഖരിച്ച് സമഗ്ര വികസനമാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly